(സി) കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ സെന്ററുകൾക്ക് സ്വന്തവും കെട്ടിടങ്ങളും ലഭ്യമാകുന്നതിന് ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സെന്ററുകൾ അടിസ്ഥാനമാക്കി ലഭ്യമാക്കുമോ ;

(ഡി) ഈ സെന്ററുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലെ നിയമനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ഇ) ഈ തസ്തികകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ യോഗ്യത യടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.യു.സി.ടി.ഇ. കാര്യവട്ടത്തിനുമാത്രമാണ് സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളത്.

(ബി) കെ.യു.സി.ടി.ഇ. കൊല്ലം, അടൂർ, കുന്നം, അഞ്ചൽ, കുഗാരപുരം, കുളക്കട, നെടുമങ്ങാട്, കായംകുളം, ആലപ്പുഴ, എന്നീ സെന്ററുകളുടെ നടത്തിപ്പിനായി വാടക ഇല്ലാതെ 33 വർഷത്തെ പാട്ടത്തിന് ഭൂമിയും കെട്ടിടവും സർക്കാരിൽനിന്നും സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) കെ.യു.സി.ടി.ഇ. സെന്ററുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രിൻസിപ്പാൾ-പി.എച്ച്.ഡി. -10 വർഷത്തെ പ്രവൃത്തി പരിചയം, അതിൽ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയം ട്രെയിനിംഗ് കോളേജിൽ ഉണ്ടായിരിക്കണമെന്നതാണ്.

അദ്ധ്യാപകർ-55 ശതമാനത്തിൽ കുറയാത്ത എം.എഡ് ബിരുദവും കാലാകാലങ്ങളിൽ യു.ജി.സി./കേരള സർക്കാർ/യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്നിവയാണ്.

അദ്ധ്യാപകേതര ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിലാണ് നിയമിക്കുന്നതെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്.

(ഇ) ഈ തസ്തികകളിൽ ജോലിചെയ്യുന്ന വ്യക്തികളുടെ യോഗ്യത അടക്കമുള്ള വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

കേരള സർവ്വകലാശാല അദ്ധ്യാപക പരിശീലന കോളേജുകളുടെ പ്രവർത്തനം

135 (7104)ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നേരിട്ടുനടത്തുന്ന അദ്ധ്യാപക പരിശീലന കോളേജുകളിൽ, വരുന്ന അദ്ധ്യയനവർഷത്തിൽ പ്രവേശനം നടത്തുന്നതിന് തടസ്സമാകുംവിധം ഹൈക്കോടതിയിൽ കേസ് നിലനിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വകലാശാല നേരിട്ടു നടത്തുന്ന അദ്ധ്യാപക പരിശീലന കോളേജുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വിശദമാക്കുമോ ?

ഉത്തരം

(എ) NCTE 2015-16 വർഷം വരെ കോഴ്സ് നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഹൈക്കോടതിയിൽ ബി.എഡ്. പ്രവേശന സംബന്ധമായി ഒരു പൊതുതാൽപ്പര്യ ഹർജി നിലവിലുണ്ട്. NCTE കേന്ദ്ര കമ്മറ്റിയുടെ അനുവാദത്തോടുകൂടി വരുന്ന അധ്യയന വർഷം ബി.എഡ്. പ്രവേശനം നടത്താൻ ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാല നേരിട്ട് നടത്തുന്ന അധ്യാപക പരിശീലന കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കാലിക്കറ്റ് വി.സിയെ സന്ദർശിക്കുന്നതിനുള്ള നിയന്ത്രണം

136 (7105) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും വി.സി.യെയും രജിസ്ട്രാറെയും കാണുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വൈസ് ചാൻസലറെ കാണുന്നതിന് സ്ത്രീകൾക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് വി. സി. ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് പോലീസിന്റെയോ സ്പെഷ്യൽ ബ്രാഞ്ചിന്റെയോ യൂണിവേഴ്സിറ്റി സെക്യൂരിറ്റി വിഭാഗത്തിന്റെയോ റിപ്പോർട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയെ കാണുന്നതിന് സ്ത്രീകളെ മാത്രം വിലക്കിക്കൊണ്ടുള്ള ഉത്തരവ് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണെന്ന് കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കുന്നതിന് സർക്കാർ ഇടപെടുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly